# KERALA ELECTRICITY EMPLOYEES' CONFEDERATION
# INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
**V.P. MARAKKAR SMARAKA MANDIRAM**
**AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001**
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex:M.P | SIBYKUTTY FRANCIS | V. GOPAKUMAR |


തിരുവനന്തപുരം
18-02-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

സൂചന: (1). ഞങ്ങളുടെ കത്ത് തീയതി 21.10.2013
(2) No.D (S..C.M & GE)/G4/PH.Visit/14-15 dated 17.10.2015

സൂചന കത്ത് പ്രകാരം വൈദ്യുതി ബോർഡിന്റെ മൂലമറ്റം പ്രോജക്ട് സന്ദർശിക്കുന്നതിന് ജീവനക്കാരെ അനുവദിക്കണമെന്ന് കോൺഫെഡറേഷൻ ആവശ്യപ്പെട്ടിരുന്നു. സൂചന (2) പ്രകാരം ജീവനക്കാർക്ക് മൂലമറ്റം പവ്വർഹൗസ് കാണുന്നതിനുള്ള അനുവാദം നൽകിക്കൊണ്ട് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഞങ്ങളുടെ ആവശ്യം പരിഗണിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. ഉത്തരവ് സൂചന (2) പ്രകാരം ഫെബ്രുവരി 19 ാം തീയതിവരെ മാത്രമേ പരിക്ഷണ അടിസ്ഥാനത്തിൽ പവ്വർഹൗസ് കാണുവാൻ അനുവാദം നൽകിയിട്ടുള്ളു.

സന്ദർശനംമൂലം വൈദ്യുതി നിലയത്തിന്റെ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടായിട്ടില്ലാത്തതിനാലും ഒരു സ്ഥാപനത്തിലെ ജീവനക്കാർ ആ സ്ഥാപനത്തിന്റെ സുരക്ഷയ്ക്ക് തടസ്സമാകില്ലാത്തതിനാലും തുടർന്നും 100 പേർ എന്ന കണക്കിൽ മൂലമറ്റം പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള ബോർഡ് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സൂചന (2) ബോർഡ് ഉത്തരവ് Clause 16 പ്രകാരം, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ 23.02.2015 ൽ അവലോകനം ചെയ്യുന്നതും സംഘടനകൾ നൽകുന്ന കൂടുതൽ നിർദ്ദേശങ്ങൾ പരിഗണിക്കുമെന്നും

പ്രതിപാദിച്ചിട്ടുണ്ട്. ജീവനക്കാരോടൊപ്പം അവരുടെ കുടുംബാഗങ്ങൾക്കും (ശരിയായ രേഖയോടെ) പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകുന്നത് ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്താൻ സഹായകരമാകും എന്നുള്ളതുകൂടി പരിഗണിച്ച് കുടുംബാഗങ്ങൾക്ക് കൂടി പവ്വർഹൗസ് സന്ദർശിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനുള്ള അനുകൂല തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി

കോപ്പി: ഡയറക്ർ (ജനറേഷൻ) KSEB Ltd